**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 853** **14-01-2021 - ൽ മറുപടിയ്ക്ക്**

**വനവിസ്തൃതിയിൽ വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനിൽ അക്കര** | | **Shri. K Raju**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | ആഗോള തലത്തിൽ വനനശീകരണം പ്രകൃതിക്ക് കനത്ത ദോഷം ഏല്പിച്ചുകൊണ്ട് വർദ്ധിക്കുമ്പോഴും സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (എ) | സാധിച്ചിട്ടുണ്ട് |
| (ബി) | കഴിഞ്ഞ 10 വർഷത്തിനിടെ സംസ്ഥാനത്ത് വനവിസ്തൃതിയിൽ ഉണ്ടായിട്ടുള്ള വർദ്ധന വിശദമാക്കുമോ; അതിൽ അതിനിബിഡവന, നിബിഡവനമേഖലയിൽ ഉണ്ടായ വർദ്ധനവ് എത്രയാണ്; | (ബി) | വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുകൾ പ്രകാരം 2007-08 വർഷത്തിൽ 11,033.3877 ച.കി.മീറ്റർ, 2008-09 വർഷത്തിൽ 11,309.4754 ച.കി.മീറ്റർ, 2009-10 വർഷത്തിൽ 11,242.0384 ച.കി.മീറ്റർ എന്നിങ്ങനെയാണ് സംസ്ഥാനത്തിന്റെ വനവിസ്തൃതി. 2017-18 വർഷം വരെയുള്ള അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. 2017-18 ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വനവിസ്തൃതി 11,521.813 ച.കി.മീറ്ററാണ്. 2017-18 ലെ സംസ്ഥാനത്തിന്റെ വനവിസ്തൃതി 10വർഷം മുമ്പായ 2007-08 ലെ വനവിസ്തൃതിയെക്കാൾ 488.4253 ച.കി.മീറ്റർ കൂടുതലുണ്ട്. തുടർ വർഷങ്ങളിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ മാത്രമെ ടി വർഷങ്ങളിലെ വനവിസ്തൃതിയുടെ വ്യക്തമായ കണക്ക് പറയുവാൻ കഴിയുകയുള്ളൂ. 2007 ലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ India State of Forest Report (ISFR) പ്രകാരം സംസ്ഥാനത്ത് 1443 ച.കി.മീ അതിനിബിഡ വനവും 9410 ച.കി.മീ നിബിഡ വനവുമാണ്. 2017 ലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം സംസ്ഥാനത്ത് 1663 ച.കി.മീ അതിനിബിഡ വനവും, 9407 ച.കി.മീ നിബിഡ വനവുമാണ്. ആയതിൻ പ്രകാരം അതിനിബിഡവനത്തിൽ 200 ച.കി.മീറ്ററിൻറെ വർദ്ധനവ് ഉണ്ടായിട്ടുള്ളതും നിബിഡ വനത്തിൽ 3 ച.കി.മീറ്ററിന്റെ കുറവ് ഉണ്ടായിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (സി) | വനവിസ്തൃതി ഇനിയും കൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് വിശദമാക്കാമോ? | (സി) | പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിൻറെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്,കാസർഗോഡ് ജില്ലകളിൽ യഥാക്രമം 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 81.6805 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തോട് ചേർന്നുകിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. KIIFB യുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ